**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 780** **28-01-2026 - ൽ മറുപടിയ്ക്ക്**

**സഹകരണ വകുപ്പ് വഴി നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം കുന്നത്തുനാട് മണ്ഡലത്തിൽ സഹകരണ വകുപ്പ് വഴി നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കുന്നത്തുനാട് മണ്ഡലത്തിൽ സഹകരണ സംഘങ്ങൾ വഴി മുറ്റത്തെ മുല്ല വായ്പ പദ്ധതി, 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായുള്ള സൗരജ്യോതി പദ്ധതി, സുഭിക്ഷ കേരളം എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 2023-24 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നീതി മെഡിക്കൽ സ്റ്റോർ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ഓരോ പദ്ധതിയ്ക്കും വേണ്ടി അനുവദിച്ചിട്ടുള്ള തുക എത്ര വീതമാണെന്ന് വിശദമാക്കാമോ; | (ബി) | ഓരോ പദ്ധതിക്കും വേണ്ടി അനുവദിച്ചിട്ടുള്ള തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. |

| **പദ്ധതികൾ സംബന്ധിച്ച വിവരം** | **ചെലവഴിച്ച തുക** |
|---|---|
| മുറ്റത്തെ മുല്ല വായ്പ പദ്ധതി 6 സർവ്വീസ് സഹകരണ ബാങ്കുകളിൽ ആരംഭിച്ചു<br><br>(ഐക്കരനാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ 172, ഐരാപുരം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2124, മാറംപള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ 265, മഴുവന്നൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ 21, നെല്ലാട് -വീട്ടൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ 332, പുതുക്ക സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ 344) | 11 കോടി 89 ലക്ഷം രൂപ |

| | |
|---|---|
| വാഴക്കുളം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 939, സുഭിക്ഷ കേരളം പദ്ധതി പ്രകാരം അംഗങ്ങൾക്ക് വായ്പ അനുവദിച്ചു. | 27,180/- രൂപ |
| കിഴക്കമ്പലം സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ആർ 83, നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി ആരംഭിച്ച സൗരജ്യോതി പദ്ധതി പ്രകാരം 2 പേർക്ക് വായ്പ നൽകി | 3,53,000/- രൂപ |
| മലയിടം തുരുത്ത് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2794-ൽ ഒരു നീതി മെഡിക്കൽ സ്റ്റോർ പുതുതായി ആരംഭിച്ചു. | ഓഹരി-40,000/-<br>വായ്പ-40,000/-<br>സബ്സിഡി-20,000/-<br>(ആകെ 1.00 ലക്ഷം രൂപ) |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്ത് കൊള്ളപലിശക്കാരുടെ ചൂഷണത്തിന് വിധേയമാകുന്നവരെ പരിരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ സഹകരണവകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് മുറ്റത്തെ മുല്ല. മുറ്റത്തെ മുല്ല വായ്പ പദ്ധതി 6 സർവ്വീസ് സഹകരണ ബാങ്കുകളിൽ ആരംഭിച്ച് വിജയകരമായി നടത്തി വരുന്നു.<br><br>ഭക്ഷ്യകാർഷികമേഖലയിൽ സ്വയം പര്യാപ്തത സ്വാശ്രയസമൂഹം സൃഷ്ടിക്കണം എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച് നടത്തുന്ന പദ്ധതിയാണ് സുഭിക്ഷ കേരളം പദ്ധതി. ഈ പദ്ധതി പ്രകാരവും സംഘങ്ങൾക്ക് വായ്പകൾ നൽകുന്നു.<br><br>സംസ്ഥാന സർക്കാരിന്റെ നൂറുദിനകർമ്മ പരിപാടിയുടെ ഭാഗമായി പാരമ്പര്യതര ഊർജ്ജസ്രോതസ്സുകളിൽ നിന്നും വൈദ്യുതി ഉത്പാദനം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സൗരജ്യോതി പദ്ധതി പ്രകാരം വായ്പകൾ നൽകുന്നു. ടി പദ്ധതിയുടെ ഭാഗമായി കിഴക്കമ്പലം സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ആർ 83 രണ്ടു പേർക്ക് വായ്പ നൽകിയിട്ടുണ്ട്.<br><br>പൊതു വിപണിയിൽ ഉള്ളതിനേക്കാൾ വിലകുറച്ച് മരുന്നുകൾ സാധാരണക്കാർക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ മലയിടം തുരുത്ത് സർവീസ് സഹകരണ ബാങ്ക് പുതുതായി |

| | | | |
|---|---|---|---|
| | | | ആരംഭിച്ചിട്ടുള്ള നീതി മെഡിക്കൽ സ്റ്റോറും നന്നായി പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ